# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1269** **05.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) തീരദേശ മേഖലയിലെ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള സവിശേഷ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ബി) സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഘട്ടംഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വലിയതുറ, ബേപ്പൂർ, അഴീക്കൽ, താനൂർ എന്നീ സ്കൂളുകൾ ആദ്യഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 24.71 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതികളെല്ലാം പുരോഗമിച്ചുവരുന്നു.<br>ഓരോ സ്കൂളിനും അടിയന്തിരമായി ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ തീരദേശ മേഖലയിലെ 54 സ്കൂളുകൾ പുനരുദ്ധരിച്ച് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനായി 60.73 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചുകഴിഞ്ഞു. പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനായി ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം ലഭിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

1) വിദ്യാതീരം പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം

| വർഷം | പരിശീലനം ലഭിച്ചവർ | എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിച്ചവർ | BDS, BAMS,BVSc, BHMS കോഴ്സിന് അഡ്മിഷൻ ലഭിച്ചവർ | ഇതര കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർ | ആകെ |
|---|---|---|---|---|---|
| 2015-16 | 47 | 11 | 4 | 14 | 29 |
| 2016-17 | 33 | 7 | 2 | 8 | 17 |
| 2017-18 | 50 | 6 | 8 | 11 | 25 |
| 2018-19 | 56 | 10 | 4 | 11 | 25 |
| **ആകെ** | **186** | **34** | **18** | **44** | **96** |

### ബാങ്ക്, സിവിൽ സർവ്വീസ്, പി.എസ്.സി പരീക്ഷാ പരിശീലനം

| ക്രമ നമ്പർ | പരീക്ഷാ പരിശീലനം | 2016-17 | 2017-18 | 2018-19 | 2019-20 | ആകെ |
|---|---|---|---|---|---|---|
| 1 | ബാങ്ക് കോച്ചിങ് | 17 | 21 | 55 | 20 | 113 |
| 2 | സിവിൽ സർവ്വീസ് | 1 | 10 | 10 | 12 | 33 |
| 3 | പി.എസ്.സി | 75 | 68 | 18 | 49 | 210 |
| | **ആകെ** | **93** | **99** | **83** | **81** | **356** |

2) മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി

മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുടനീളം അപേക്ഷകൾ ക്ഷണിച്ചു. വിദ്യാർത്ഥികളെ കണ്ടെത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം 2016-17 ൽ 10 വിദ്യാർത്ഥികൾക്കും 2017-18 ൽ 15 പേർക്കും 18-19 ൽ 11 പേർക്കും 2019 -20 ൽ 13 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

3) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 24.71 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു.

4) കരിയർ ഗൈഡൻസ് പദ്ധതി

തീരദേശ സ്കൂളുകളിലെ മത്സ്യത്തൊഴികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകൾ പരിചയപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട് കരിയർ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

5) ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളിലെ പ്രവർത്തന ചെലവിനങ്ങൾക്കായി ധനസഹായം നൽകുന്ന പദ്ധതി.

വകുപ്പിന്റെ കീഴിലുള്ള 10 ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളുടെ പ്രവർത്തന ചെലവിനങ്ങളായ മെസ്സ് അലവൻസ് യൂണിഫോം, പാഠപുസ്തകങ്ങൾ കൗൺസിലിംഗ്, സ്റ്റഡിടൂർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ്, മെഡിക്കൽ കെയർ, മൈക്രോടീച്ചിംഗ് മറ്റു ചെലവുകൾക്കായി 244.20 ലക്ഷം രൂപ 10 സ്കൂളുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

6) സ്മാർട്ട് ക് ളാസ് റൂം

ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 29 തീരദേശ സ്കൂളുകളിൽ 40 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചു വരുന്നു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു.

മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷം 19.99 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 25.53 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 29.17 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം നിലവിൽ 29.7 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**